(ഡി) എം.എസ്.സി. ഇൻഡസ്ട്രിയൽ ഫിഷറീസ് യോഗ്യതയുള്ളവരെ അസിസ്റ്റന്റ് ഡയറക്ടറായി പ്രൊമോഷൻ നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രൊമോഷൻ സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ എം.എസ്.സി. ഇൻഡസ്ട്രിയൽ ഫിഷറീസ് യോഗ്യതയുള്ളവരെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബി.എസ്.സി. (സുവോളജി) ബിരുദം.

(ബി) യോഗ്യത നിശ്ചയിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

മത്സ്യഫെഡിന്റെ നിയന്ത്രണത്തിലുള്ള സൊസൈറ്റികൾ

92 [3679] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ കീഴിൽ സംസ്ഥാനത്ത് ആകെ എത്ര സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; സൊസൈറ്റികൾ, മത്സ്യഫെഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) മത്സ്യഫെഡിന്റെ ഭരണ കാലാവധി എത്ര വർഷത്തേക്കാണ്; ഇപ്പോഴത്തെ ഭരണസമിതിക്കെതിരായി എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തിയിരുന്നുവോ?

ഉത്തരം

(എ) 654 സൊസൈറ്റികൾ സംഘം രജിസ്റ്റർ ചെയ്യുന്നത് കേരളാ സഹകരണ സംഘം നിയമം സെക്ഷൻ 4 മുതൽ 8 വരെയും ചട്ടം 3-ഉം 4-ഉം അനുസരിച്ച് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറായ ഫിഷറീസ് ഡയറക്ടറാണ്. ഫിഷറീസ് രജിസ്ട്രാർ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ സഹകരണ നിയമം സെക്ഷൻ 8 (എ) പ്രകാരം അഫിലിയേഷൻ നൽകുന്നത് മത്സ്യഫെഡാണ്.

(ബി) 5 വർഷമാണ്. പരാതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly